**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 391** **04-07-2024 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ കോഴ്സിന് സ്വന്തം താലൂക്കിൽ അഡ്മിഷൻ ലഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച നിരവധി വിദ്യാർത്ഥികൾക്ക് പ്ലസ് വൺ കോഴ്സിനുള്ള മൂന്നാമത്തെ അലോട്ട്മെന്റിന് ശേഷവും ഇഷ്ട വിഷയവും സ്വന്തം താലൂക്കിലുള്ള സ്കൂളിൽ അഡ്മിഷനും ലഭിക്കാത്ത സാഹചര്യം മലബാറിൽ ഉൾപ്പെടെയുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തൊട്ടാകെ ആകെ 222 വിദ്യാർത്ഥികൾക്കാണ് ഇത്തരത്തിൽ പ്രവേശനം ലഭിക്കാതെ ശേഷിക്കുന്നത്. |
| (ബി) | പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | എസ്.എസ്.എൽ.സി. പരീക്ഷാ ഫലം പ്രഖ്യാപിച്ചതിന് ശേഷം എല്ലാ ജില്ലകളിലും ഒന്നാം വർഷ ഹയർ സെക്കന്ററി പ്രവേശനത്തിന് സ്വീകരിച്ച നടപടികൾ നിരവധി പ്രാവശ്യം ഈ സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്.<br><br>ഹയർ സെക്കന്ററി പ്രവേശനം സംബന്ധിച്ച് ബാച്ചുകൾ വേണ്ടിയുള്ള ആവശ്യം ഉയർന്നത് മലപ്പുറം ജില്ലയിൽ നിന്നുമാണ്.<br><br>അതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥി സംഘടനാ പ്രതിനിധികളും വിദ്യാഭ്യാസ മന്ത്രിയുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കാൻ വേണ്ടി അക്കാദമിക് ജോയിന്റ് ഡയറക്ടർ, മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ എന്നീ രണ്ട് ഉദ്യോഗസ്ഥരെ ജൂലൈ 5 നകം റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തി.<br><br>സപ്ലിമെന്ററി അലോട്ട്മെന്റിന്റെ അപേക്ഷ ജൂലൈ 2 മുതൽ 4 വരെ സ്വീകരിച്ചു തുടങ്ങി.<br><br>സപ്ലിമെന്ററി അലോട്ട്മെന്റ് പൂർത്തിയാകുമ്പോൾ തന്നെ ഒന്നാം വർഷ പ്രവേശനത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകും. |

| | | | |
|---|---|---|---|
| | | | പത്താം തരം പാസ്സായ വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പാക്കുന്നതിനായി 2024 മേയ് 8 ലെ സർക്കാർ ഉത്തരവ് പ്രകാരം രണ്ടായിരത്തി ഇരുപത്തി മൂന്ന് - ഇരുപത്തി നാല് വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും മുപ്പത് ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും ഇരുപത് ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ